# കേരള സർവകലാശാല

നം.പി.ആർ.155/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പരീക്ഷാ തീയതി

ജൂലൈ 19 ന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ ബി.ബി.എ എൽ.എൽ.ബി പേപ്പർ -2, ലോ ഓഫ് ക്രൈംസ് - II - ക്രിമിനൽ പ്രൊസീജിയർ കോഡ് പരീക്ഷ ഓഗസ്റ്റ് 2 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു.

ജൂലൈ 22 ന് നടത്താനിരുന്ന ആറാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സരം) എൽ.എൽ.ബി പരീക്ഷ (പേപ്പർ -1) ഓഗസ്റ്റ് 1 (വ്യാഴാഴ്ച) യിലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു.

ബി.എ ബിരുദ (ആനവൽ സ്കീം), ബി.എ അഫ്സൽ-ഉൽ-ഉലമ പാർട്ട് ഒന്നും രണ്ടും പരീക്ഷകൾ ജൂലൈ 30 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

## ഫയൽ അദാലത്ത്

സർവ്വകലാശാലയുടെ സെനറ്റ് ഹൗസ് ക്യാമ്പസിൽ വച്ച് ജൂലൈ 22 ന് നടത്താനിരുന്ന ഫയൽ അദാലത്ത് മറ്റൊരു തീയതിയിലേക്ക് മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## ഡിപ്ലോമ ഇൻ ഹ്യൂമൻ റൈറ്റ്സ് - അഡ്മിഷൻ ,2019

നിയമ വകുപ്പിന് കീഴിൽ നടത്തിവരുന്ന പി.ജി ഡിപ്ലോമ ഇൻ ഹ്യൂമൻ റൈറ്റ്സ് (പി. ജി.ഡി.എച്ച്.ആർ) കോഴ്സിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാനയോഗ്യത. 8 മാസം ദൈർഘ്യമുള്ള കോഴ്സിന് 2000/- രൂപയാണ് ഫീസ്. അപേക്ഷിക്കേണ്ട അവസാന തീയതി 2019 ഓഗസ്റ്റ് 20. കൂടുതൽ വിവരങ്ങൾക്ക് 0471-2308936 എന്ന നമ്പറിൽ ബന്ധപ്പെടുക. ഇ-മെയിൽ വിലാസം : officekulaw@gmail.com

## ടൈംടേബിൾ

ജൂലൈ മാസം 30 ന് ആരംഭിക്കുന്ന ബി.കോം (ആനവൽ) ഒന്നും രണ്ടും വർഷ ഡിഗ്രി പാർട്ട് ഒന്നും രണ്ടും (മോഡേൺ ലാംഗേജ്) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം ജൂലൈ 23ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി. ടെക് ഡിഗ്രി പരീക്ഷ ജൂൺ 2019 (2013 സ്കീം - 2017,2016,2015 അഡ്മിഷൻ ) റെഗുലർ/ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു.

വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാ ഫീസ്

ഓഗസ്റ്റ് 26 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ ബി.ബി.എ എൽ.എൽ.ബി ഡിഗ്രി പരീക്ഷകളിലേക്ക് പിഴകൂടാതെ ജൂലൈ 23 വരെയും 50 രൂപ പിഴയോടെ ജൂലൈ 25 വരെയും 125 രൂപ പിഴയോടെ ജൂലൈ 27 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം വിശദവിവരം വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

2018 ഡിസംബർ മാസം നടത്തിയ എൽ.എൽബി ഇന്റഗ്രേറ്റഡ് ഒന്നാം സെമസ്റ്റർ പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (EJ X) ജൂലൈ 19 മുതൽ 23 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## പരീക്ഷാകേന്ദ്രം

ജൂലൈ 25ന് ആരംഭിക്കുന്ന ഇന്ന് രണ്ടാം സെമസ്റ്റർ എം.ടെക് (ഫുൾ ടൈം/പാർട്ട് ടൈം) നാലാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം) (2013 സ്കീം- സപ്ലിമെന്ററി) പരീക്ഷയുടെ പരീക്ഷാകേന്ദ്രം കോളേജ് ഓഫ് എൻജിനീയറിങ്ങ് തിരുവനന്തപുരം ആയിരിക്കും. ഹാൾടിക്കറ്റുകൾ ജൂലൈ 22 മുതൽ പരീക്ഷാ കേന്ദ്രത്തിൽ നിന്നും ലഭ്യമാകും.

## പ്രാക്ടിക്കൽ പരീക്ഷ

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്സി കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷ (മേഴ്സി ചാൻസ് 2010 & 2011 അഡ്മിഷൻ, സപ്ലിമെന്ററി 2012 അഡ്മിഷൻ) എസ്.ഡി കോളേജ് ആലപ്പുഴയിൽ വച്ച് ഓഗസ്റ്റ് 6 ന് (രാവിലെ 9.30 മണി മുതൽ വൈകിട്ട് 3.30 മണി വരെ ) നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

## പരീക്ഷാ ഫലം

2019 മാർച്ചിൽ നടത്തിയ അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ് ബി.സി.എ & ബി.എസ്സി ഇലക്ട്രോണിക്സ് ഡിഗ്രി കോഴ്സിന്റെ (prior to 2013 സ്കീം, 2010& 2011 അഡ്മിഷൻ- മേഴ്സി ചാൻസ്, 2012 അഡ്മിഷൻ- സപ്ലിമെന്ററി)പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി ജൂലൈ 26.

2019 മെയ് മാസത്തിൽ നടത്തിയ ബി.എ (ആനപൽ സ്കീം) ബിരുദ സപ്ലിമെന്ററി വിദ്യാർഥികളുടെ പാർട്ട് III,രണ്ടാം വർഷ ബിരുദ വിദ്യാർഥികളുടെ സബ്സിഡിയറി വിഷയങ്ങളുടെ (റെഗുലർ & സപ്ലിമെന്ററി) ഫലം വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 29 വരെ ഫീസടച്ച് നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ അപേക്ഷിക്കാവുന്നതാണ്. ഓൺലൈൻ വിദ്യാർത്ഥികളുടെ കരട് മാർക്ക് ലിസ്റ്റ് യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദ വിവരങ്ങൾ വെബ്സൈറ്റിൽ

## ഒന്നാം വർഷ ബിരുദ പ്രവേശനം 2019

## സ്വാശ്രയ കോളേജുകളിലെ പുതിയ കോഴ്സുകൾക്ക് അഡ്മിഷൻ കേരള സർവകലാശാല സെനറ്റ് ഹാളിൽ 22.07.2019 – ന്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളായ 1) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS), തൈക്കാട്, തിരുവനന്തപുരം ബി.കോം (ഇലക്ടീവ്- ട്രാവൽ ആന്റ് ടൂറിസം) 40 സീറ്റും, (2) എൻ.എസ്.എസ് ആർട്സ് ആന്റ് സയൻസ് കോളേജ്, പേരയം, കുണ്ടറയിൽ ബി.എസ്‌സി. ഫിസിക്സും (32 സീറ്റ്) അനുവദിച്ചിരിക്കുന്നു. മേൽ പറഞ്ഞ കോഴ്സുകളുടെ മെറിറ്റ് സീറ്റുകളിലേയ്ക്ക് കേരള സർവകലാശാല സെനറ്റ് ഹാളിൽ വച്ച് 22.07.2019 – ന് അഡ്മിഷൻ നടത്തുന്നു. 22.07.2019 – ന് രാവിലെ 11 മണി വരെ ഹാജരാകുന്നവരിൽ നിന്നും റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രവേശനം നടത്തുന്നതാണ്. വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റ്, ഫീസ്, നിലവിൽ ഓൺലൈൻ രജിസ്ട്രേഷൻ ഉള്ളവർ അതിന്റെ ഏറ്റവും പുതിയ പ്രിന്റൗട്ട് എന്നിവ കൊണ്ടു – വരേണ്ടതാണ്. എസ്.സി/എസ്.ടി, മറ്റു സംവരണ സീറ്റുകളിൽ പരിഗണിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ ജാതി തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ സമയം അനുവദിക്കുന്നതല്ല.

**നിലവിൽ രജിസ്ട്രേഷൻ ഇല്ലാത്തവർ അഡ്മിഷന് വരുമ്പോൾ (https://admissions.keralauniversity.ac.in/ug2019/) എന്ന വെബ്സൈറ്റിലെ മാനേജ്മെന്റ് ക്വാട്ട രജിസ്ട്രേഷൻ പൂർത്തിയാക്കി ഓൺലൈൻ പ്രിന്റൗട്ട് കൊണ്ടുവരേണ്ടതാണ്.**

**അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (ജനറൽ/എസ്.സി.ബി.സി. വിഭാഗങ്ങൾക്ക് 1850/- രൂപയും എസ്.സി./ എസ്.ടി. വിഭാഗങ്ങൾക്ക് 930/- രൂപയും) കൈയിൽ കരുതേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. പ്രവേശന ഫീസ് മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ ഈ തുക വീണ്ടും ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.**

**<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)**

**തിരുവനന്തപുരം,**
**18-07-2019**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**